പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 496          19.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിലെ ആശ്രിത നിയമനം

**ചോദ്യം** — ശ്രീ. സി. മമ്മൂട്ടി

**ഉത്തരം** — ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ സൂപ്പർവൈസറി പോസ്റ്റുകളിൽ എത്ര ആശ്രിത നിയമനക്കാർ ജോലി നോക്കി വരുന്നു; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | അവർക്ക് ടി പോസ്റ്റുകളിൽ സർവ്വീസ് ദൈർഘ്യം എന്ന മാനദണ്ഡത്തിന് പുറമേ യോഗ്യത കർശന മാനദണ്ഡമാക്കുമോ ; | (ബി) യും (സി) യും (ഡി) യും | സർക്കാർ വകുപ്പുകളിൽ ബാധകമായിട്ടുള്ള ആശ്രിത നിയമന ചട്ടം തന്നെയാണ് കെ.എസ്.ആർ.ടി.സി. യിലും നടപ്പിലാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. യിൽ എ.ഒ/എ.റ്റി.ഒ/എ.ഡി.ഇ തസ്തിക മുതൽ മുകളിലേക്കുള്ള ഹയർ ഡിവിഷൻ തസ്തികകളിലേക്ക് സർവ്വീസ് ദൈർഘ്യത്തിന് പുറമേ വിദ്യാഭ്യാസ യോഗ്യത കൂടി ആധാരമാക്കിയുള്ള റഗുലേഷന് സർക്കാർ സ.ഉ 63/2012/ഗതാഗതം തീയതി. 16.10.2012 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | സർവ്വീസ് ദൈർഘ്യം മാത്രം പ്രൊമോഷനുകളിൽ മാനദണ്ഡമാക്കുന്നത് യോഗ്യതകുറവുള്ള ഉദ്യോഗസ്ഥരെ സൃഷ്ടിക്കുവാനും അത് കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനത്തെ തന്നെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ, പ്രസ്തുത സ്ഥാപനത്തിന് ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ